DESPATCHED
On...29/06/2020
17.3.20.

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.138(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.827/എസ്.ഐ.സി-ജി 6/19

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.കെ.എം.ശശിധരൻ**
**കൊച്ചുപറമ്പിൽ വീട്**
**പൂഴീക്കോൽ,കടുത്തുരുത്തി**
**കോട്ടയം-686 604**
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,**
   **ഡിസ്ട്രിക്ട് വെക്ടർകൺട്രോൾ യൂണിറ്റ്**
   **കൂടല്ലൂർ, കോട്ടയം**
2. **അപ്പീൽ അധികാരി ആന്റ്**
   **ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്**
   **കൂടല്ലൂർ**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.12.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01.01.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 10.01.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 14.01.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.01.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 18.01.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10.04.2019, 04.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 09.05.2019, 20.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 03.02.2020 , വീഡിയോ കോൺഫറൻസ് ഹാൾ കളക്ടറേറ്റ് കോട്ടയം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ

മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും, ആയതിനും മറുപടി ലഭ്യമാക്കിയില്ലെന്നും, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 03.12.2018 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഷിബി സൗബീൻ എന്ന വ്യക്തി, കൂടല്ലൂർ ഡി.വി.സി യൂണിറ്റിലെ എന്റമോളജിസ്റ്റിന് പരാതി നൽകിയിട്ടില്ലാത്തതിനാൽ ഇന്റേണൽ കമ്മറ്റി കൂടിയിട്ടില്ലെന്ന് ആരോഗ്യവകുപ്പ് ഡയറക്ടറെ അറിയിച്ച സാഹചര്യത്തിൽ ഇനം 1 ൽ ടി ഓഫീസിൽ (ഡി.വി.സി യൂണിറ്റ്, കൂടല്ലൂർ) ഇന്റേണൽ കമ്മറ്റി/ കംപ്ലയിന്റ് കമ്മറ്റി നിലവിലുണ്ടോ എന്നും, രൂപീകരിച്ചിരുന്നോ എന്നും, ഇനം 2 ൽ ഇന്റേണൽ കമ്മറ്റി ഇപ്പോഴും നിലവിലുണ്ടെങ്കിൽ അത് എന്നു മുതൽ തീയതി, മാസം, വർഷം നിലവിൽ വന്നുവെന്നും തുടങ്ങി 13 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 01.01.2019 ൽ നൽകിയ മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് ഹർജിക്കാരൻ 10.01.2019 ൽ അപ്പീൽ അപേക്ഷ നൽകുകയും, ആയതിന് അപ്പീലധികാരി 14.01.2019 മറുപടി നൽകുകയും ചെയ്തു.

4. 04.05.2019 നും, 20.11.2019 നും കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും അപ്പീലിനും, മറുപടി നൽകിയെന്നും ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് ഹാജരാക്കുന്നുവെന്നും, റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് നൽകിയെന്നുമാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടവയ്ക്ക് മറുപടി നൽകിയതായി കാണുന്നതിനാൽ, ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

**(ഒപ്പ്)**

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM